**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2624** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെരുങ്കിടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പെരുങ്കടവിള പഞ്ചായത്തിലെ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്ന സി.ഐ.എൻ.ഡി (ടി) 1 - രജിസ്റ്റർ നമ്പർ, പെരുങ്കിടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | പെരുങ്കടവിള NES ബ്ലോക്ക് ഓയിൽ ക്രഷിംഗ് സഹകരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ ; | (ബി) | സംഘത്തിന് 9.00 ആർ സ്ഥലം ഉണ്ട്. പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതിക്കാണ് ഉടമസ്ഥാവകാശം. എന്നാൽ നിലവിൽ തെരഞ്ഞെടുത്ത ഭരണസമിതി ഇല്ലാത്തതിനാലും സംഘം പ്രവർത്തന രഹിതമായതിനാലും ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ അധീനതയിലാണ്. സംഘത്തിന് 07.10.2021 വരെയുള്ള ബാധ്യതാ വിവരം ചുവടെ ചേർക്കുന്നു. Principal - 1,63,384/- Interest - 3,40,098/- Penal Interest – 4,92,637/- Stationery – 1,000/- Collection charge- 49,856/- ----------------------------------------------- Total - 10,46,975/- |
| (സി) | നിലവിൽ പ്രവർത്തനരഹിതമായ ടി സംഘത്തിന്റെ ബാധ്യതകൾ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് തീർപ്പാക്കുന്ന പക്ഷം സംഘത്തിന്റെ ഉടമസ്ഥതയിലുള്ളതും റീസർവേ 645/2 - സ്ഥിതി ചെയ്യുന്നതുമായ ഭൂമി മാരായമുട്ടം പോലിസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിന് നിയമതടസമുണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ടി വിഷയത്തിന്മേൽ സർക്കാർ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ